(ബി) ആകെ 1053 വില്ലേജുകളുമായി ബന്ധപ്പെട്ട റവന്യൂ രേഖകളുടെ കംപ്യൂട്ടർവൽക്കരണം താലൂക്ക്തലത്തിൽ നടന്നുവരുന്നു. വില്ലേജ് തലത്തിൽ കംപ്യൂട്ടർവൽക്കരണം നടപ്പിൽ വന്നിട്ടില്ല.

(വിശദീകരണം: സംസ്ഥാനത്താകെയുള്ള 1453 വില്ലേജുകളിൽ ഒരിടത്തും കംപ്യൂട്ടർ നൽകിയിട്ടില്ല. എങ്കിലും താലൂക്കടിസ്ഥാനത്തിൽ 1053 വില്ലേജുകളിലെ രേഖകളുടെ കംപ്യൂട്ടർവൽക്കരണം നടന്നിട്ടുണ്ട്.)

(സി) സംസ്ഥാനത്താകെ 84.30% റവന്യൂ രേഖകളുടെ കംപ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ട്.

(ഡി) ഇത്തരത്തിലൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്രവാസി ഇൻഷ്വറൻസ് പദ്ധതിയിലെ ഭേദഗതികൾ

*22 [292] ശ്രീ. വി. കെ. സി. മമ്മത്കോയ:

,, വി. കെ. ചന്ദ്രൻ:

,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പുതുതായി ആരംഭിക്കുന്ന പ്രവാസി ഇൻഷ്വറൻസ് പദ്ധതിയിൽ എന്തെല്ലാം ഭേദഗതികളാണ് സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇൻഷ്വറൻസ് പ്രീമിയമായി തൊഴിലന്വേഷകർ അടയ്ക്കേണ്ട തുകയുടെ വിഹിതം വഹിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശത്ത് ജോലി തേടിപോകുന്ന മുഴുവൻ തൊഴിലാളികളേയും പ്രവാസി ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവാസി മലയാളികൾക്കായി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ സഹകരണത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച പ്രവാസി സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഇപ്പോൾ എത്രപേർ അംഗങ്ങളായിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) താഴെ പറയുന്ന ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

1. ഇൻഷ്വറൻസ് പോളിസിയുടെ കാലാവധി രണ്ട് വർഷം എന്നുള്ളത് മൂന്ന് വർഷമായി വർദ്ധിപ്പിക്കണം.

2. പ്രവാസികളെ സ്വദേശത്തേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനു മുൻപായി തിരികെ കൊണ്ടുവരുന്നതിനുള്ള കാരണം ബന്ധപ്പെട്ട ഇന്ത്യൻ മിഷൻ സാക്ഷ്യപ്പെടുത്തണം എന്ന നിബന്ധന ഒഴിവാക്കാനാകുമോ എന്ന് പരിശോധിക്കണം.

3. അനധികൃത റിക്രൂട്ടിംഗ് നിറുത്തലാക്കുക എന്ന വിശാലമായ ലക്ഷ്യത്തിലേയ്ക്കുള്ള തുടക്കമായി ഈ പദ്ധതി കാണേണ്ടതാണ്. അതിനുള്ള ആദ്യപടിയെന്ന നിലയിൽ വിദേശ ജോലിക്കു പോകുന്ന എല്ലാ വിഭാഗത്തിനും ഇൻഷ്വറൻസ് നിർബന്ധമാക്കണം.

4. സംസ്ഥാനങ്ങളിലെ തൊഴിൽ വകുപ്പിനോ പ്രവാസി ക്ഷേമ കാര്യ വകുപ്പിനോ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധം ഉണ്ടായിരിക്കണം.

5. സംസ്ഥാനങ്ങളിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിനെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തണം. ജോലി തേടി പോകുന്നവരുടെ വിശദവിവരങ്ങൾ, അവർ എവിടെ പോകുന്നു, ഏതു തരം വിസയിൽ പോകുന്നു തുടങ്ങിയവ റിക്രൂട്ടിംഗ് ഏജന്റുമാർ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിനെ അറിയിക്കേണ്ടതാണ്.

6. 'ജനശ്രീ', 'ഭീമയോജന', 'യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ്' എന്നിവയിലെപ്പോലെ ദരിദ്ര വിഭാഗത്തിന് സാമ്പത്തിക സബ്സിഡി നൽകണം.

7. 15-11-2003 മുതൽ മടക്കയാത്രയ്ക്കായി ഒരു എക്കോണമി ക്ലാസ് ടിക്കറ്റിന്റെ മുഴുവൻ തുകയും അഡ്വാൻസായി അടയ്ക്കണം എന്ന തൊഴിൽ വകുപ്പിന്റെ 1-10-2003-ലെ ഉത്തരവിലെ നിബന്ധന പിൻവലിക്കണം.

8. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന് സാമ്പത്തിക സഹായം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രീമിയം തുകയുടെ വിഹിതം അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) ഉണ്ട്. 2003 നവംബർ 14-ാം തീയതി കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രി ശ്രീ. സാഹിബ് സിംഗ് വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ഡി) വിപുലമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ പദ്ധതിയിൽ അംഗങ്ങളെ ചേർത്തുവരികയാണ്. അംഗമാകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവർ 35 പേരും ഭാഗികമായി പൂർത്തിയാക്കിയവർ 743 പേരുമാണ്.

വി. എച്ച്. എസ്. ഇ. അദ്ധ്യാപക നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

*23 [293] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടെ സംസ്ഥാനത്തെ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരുടെ സ്ഥിരനിയമനം നടന്നിട്ടുണ്ടോ;

(ബി) വി. എച്ച്. എസ്. ഇ. അദ്ധ്യാപക നിയമനം സംബന്ധിച്ച് പി. എസ്. സി.-യുടെ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(സി) മാനേജ്മെന്റ് സ്കൂളുകളിൽ ഇതിന്റെ യോഗ്യത പോസ്റ്റ് ഗ്രാഡുവേഷന് അൻപതുശതമാനം മാത്രമായിരിക്കെ ഇതേ യോഗ്യത തന്നെ പി. എസ്. സി. വഴിയുള്ള നിയമനത്തിനും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഇല്ല.

(ബി) ഇല്ല.

(സി) നോൺ വൊക്കേഷണൽ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ അൻപതു ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരുദവും ബി. എഡ്. ബിരുദവും വൊക്കേഷണൽ വിഷയങ്ങൾക്ക് 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ലഭിച്ച സാങ്കേതിക ബിരുദവുമാണ് നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതകൾ. ഇതേ യോഗ്യതകൾ തന്നെ പി. എസ്. സി. വഴിയുള്ള നിയമനത്തിനും ബാധകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly